**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4378** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഐ.ജി.എസ്.ടി. വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എൻ.എസ്.എസ്.ഒ. സാമ്പിൾ സർവ്വേ പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ ചരക്ക് സേവനം ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണോയെന്ന് വ്യക്തമാക്കുമോ; ജി.എസ്.ടി. നടപ്പാക്കിയതിന് ശേഷം നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; ഐ.ജി.എസ്.ടി. വരുമാനത്തിൽ മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും രാജ്യത്ത് കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കുമോ; | (എ) | എൻ.എസ്.എസ്.ഒ. സാമ്പിൾ സർവ്വേ സംബന്ധിച്ച വിവരം വകുപ്പിൽ ലഭ്യമല്ല.<br>2017 ജൂലൈ മുതൽ 2024 മേയ് മാസം വരെ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക്ക് ഇനങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എൺപത് ശതമാനത്തോളം ഉല്പന്നങ്ങളും അന്യസംസ്ഥാനത്ത് നിന്നോ വിദേശത്തുനിന്നോ എത്തുന്ന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ആയതിന് ആനുപാതികമായി ഐ.ജി.എസ്.ടി. വരുമാനം ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംയോജിത ചരക്കു സേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരം ഇത് നടക്കുന്നു. ഓരോ ഐ.ജി.എസ്.ടി. സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് എസ്.ജി.എസ്.ടി. ആയി അടച്ച നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തിലേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | 2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരേയും ഇന്റലിജൻസും ടാക്സ്പെയേഴ്സ് വിങ്ങും നിരീക്ഷിച്ചു വരുന്നു. ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മെയ്-ൽ ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർ സംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുന്നതോടൊപ്പം അവരിൽ നിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട ഐ.ജി.എസ്.ടി. വിഹിതത്തിന്റെ വരവും നിരീക്ഷിച്ച് വരുന്നു. കേരളം ആവശ്യപ്പെട്ടതനുസരിച്ച് പ്ലേസ് ഓഫ് സപ്ലൈ യുടെ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി. കൃത്യമായി കൈമാറുന്നില്ല എന്നത് പരിശോധിക്കുമെന്ന് ജി.എസ്.ടി. കൗൺസിൽ സമ്മതിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2017 ജൂലൈ മുതൽ 2024 മേയ് മാസം വരെ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക്ക് ഇനങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് (Provisional) | ഐ.ജി.എസ്.ടി. അഡ്ഹോക്ക് (Provisional) | ആകെ |
|---|---|---|---|
| 2017-18 (2017 ജൂലൈ മുതൽ) | 6064.97 | 736.00 | 6800.97 |
| 2018-19 | 10114.93 | 2734.36 | 12849.29 |
| 2019-20 | 9926.19 | 693.52 | 10619.71 |
| 2020-21 | 9343.07 | 1596.11 | 10939.18 |
| 2021-22 | 12440.48 | 1657.79 | 14098.27 |
| 2022-23 | 15855.33 | 1028.23 | 16883.56 |
| 2023-24 | 16976.64 | 0 | 16976.64 |
| 2024-25 (2024 മേയ് വരെ) | 2881.64 | 0 | 2881.64 |

**സെക്ഷൻ ഓഫീസർ**